**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2209**      **04.11.2019**– ൽ മറുപടിയ്ക്ക്

## വയലത്തലയിലെ സർക്കാർ വയോജന മന്ദിരത്തിന്റെ സ്ഥലം

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിലെ വയലത്തലയിൽ പ്രവർത്തിക്കുന്ന സർക്കാർ വയോജന മന്ദിരത്തിൽ (ഓൾഡ് ഏജ് ഹോം) എത്ര അന്തേവാസികൾക്കുള്ള സൗകര്യമാണുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | പത്തനംതിട്ട വയലത്തല ഗവ.വൃദ്ധസദനത്തിന്റെ Sanctioned Strength 100 ആണ്. എന്നാൽ പരമാവധി 50 പേരെ താമസിപ്പിക്കാവുന്ന സൗകര്യ-ങ്ങളാണ് നിലവിലുള്ളത്. |
| (ബി) | നിലവിൽ എത്ര പേർ ഇവിടെ അന്തേവാസികളായി ഉണ്ട്; | (ബി) | 47 പേർ |
| (സി) | വയോജന മന്ദിരത്തിന്റെ ഇപ്പോഴത്തെ കെട്ടിടം എന്നു നിർമ്മിച്ചതാണ്; എത്ര ഭൂമിയാണ് വയോജന മന്ദിരത്തിനായി ലഭിച്ചിട്ടുള്ളത്; | (സി) | 2010-ൽ.<br>20 ആർ 30 ച.മീ. ഭൂമിയിൽ വയോജന മന്ദിരവും ചിൽഡ്രൻസ് ഹോമും പ്രവർത്തിച്ചു വരുന്നു. |
| (ഡി) | വയോജന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യത്തിനായി പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ നിന്നും 30 സെന്റ് സ്ഥലം ആവശ്യപ്പെട്ട് നൽകിയ കത്ത് ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളത്; സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ച നടപടികൾ ഓരോ ഓഫീസിലും ഇതിനായി ആരംഭിച്ച ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ? | (ഡി) | സാമൂഹ്യനീതി ഡയറക്ടർ ഇതു സംബന്ധിച്ച ശിപാർശ ഫയൽ നം.ജി2-11863/14 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും സർക്കാർ സി1/433/2017/ സാ.നീ.വ. നമ്പർ ഫയലിൽ പ്രസ്തുത ശിപാർശ പരിശോധിക്കുകയും ജലവിഭവ വകുപ്പിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട് II തിരുവനന്തപുരത്തിനോട് ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് IRI/188/2018/WRD നമ്പർ ഫയൽ മുഖേന പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**